No. NEP/16678/2019/DPI

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം

തീയതി : 30.04.2019

## സർക്കുലർ

**വിഷയം :- പൊതുവിദ്യാഭ്യാസം - പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം - 2019-20 അധ്യയനവർഷത്തെ പ്രധാന ഐ.സി.ടി. പരിശീലനങ്ങളെ സംബന്ധിച്ച നിർദ്ദേശങ്ങൾ - സ്പഷ്ടീകരണം - പുറപ്പെടുവിക്കുന്നു.**

സൂചന:-
1. 18.03.2019 ലെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 15/2018/KEM നമ്പർ കത്ത്.
2. ഈ ഓഫീസിലെ 28.03.2019 ലെ NEP/11790/2019/DPI നമ്പർ സർക്കുലർ.

സൂചന 2 പ്രകാരം 2019-20 അധ്യയന വർഷത്തെ പ്രധാന ഐ.സി.ടി. പരിശീലനങ്ങൾ സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത നിർദേശങ്ങളിൽ 8, 9, 10 ക്ലാസുകളിൽ ഐ.ടി. വിഷയം പഠിപ്പിക്കുന്ന എല്ലാ ഹൈസ്കൂൾ അധ്യാപകരും പരിശീലനത്തിൽ കൃത്യമായി പങ്കെടുക്കേണ്ടതാണെന്നും ക്ലാസിന്റെ ചുമതലയുള്ള അധ്യാപകർ തന്നെ പരമാവധി ഐ.സി.ടി. പാഠപുസ്തകം വിനിമയം ചെയ്യേണ്ടതാണെന്നും നിർദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദേശം ജില്ലകളിൽ വ്യക്തതക്കുറവ് ഉണ്ടാക്കിയതായി മനസിലാക്കുന്നു. ഹൈസ്കൂൾ തലത്തിൽ എല്ലാ അധ്യാപകരും ഐ.ടി. വിഷയം പഠിപ്പിക്കേണ്ടതിനാലും ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങൾ ക്ലാസ് മുറികളിൽ നടത്തേണ്ടതിനാലും ഹൈസ്കൂൾ വിഭാഗത്തിലെ ബന്ധപ്പെട്ട എല്ലാ അധ്യാപകർക്കും ഈ അവധിക്കാല പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണെന്ന് വ്യക്തമാക്കുന്നു.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**
(ഇൻ-ചാർജ്)

വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്
എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (കൈറ്റ് ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ് :

ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷ കേരളം
എല്ലാ ഡി.ഡി.ഇ, ഡി.ഇ.ഒ, എ.ഇ.ഒ.മാർക്കും
സ്റ്റോക്ക് ഫയൽ